# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** 　　　　**06-02-2014- ൽ മറുപടിക്ക്**
**ചോദ്യം നമ്പർ: 471**

## കപ്പൽ മാർഗ്ഗം ചരക്കു നീക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>„ വി. ഡി. സതീശൻ :<br>„ ഐ. സി. ബാലകൃഷ്ണൻ :<br>„ ജോസഫ് വാഴക്കൻ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെയും വ്യവസായ ശാലകളുടെയും ചരക്ക് നീക്കം തീര ദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങ ളുടേയും, വ്യവസായ ശാലകളുടേയും ചരക്ക് നീക്കം തീരദേശ കപ്പൽ ഗതാഗത പദ്ധതിയി ലൂടെ നടത്താൻ വ്യവസായ വകുപ്പ് മന്ത്രി യുടെ സാന്നിദ്ധ്യത്തിൽ 26-11-2013 ന് ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം തുറമുഖങ്ങളിൽക്കൂടി ചരക്ക് നീക്കം നടത്താനാണ് തീരു മാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) കൊല്ലം, വിഴിഞ്ഞം, ബേപ്പൂർ, കൊടുങ്ങല്ലൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളിൽ കൂടി ചരക്ക് നീക്കം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (സി) ഇതുമൂലം ചരക്ക് നീക്കങ്ങൾക്കുള്ള ചെലവ് കരമാർഗ്ഗത്തേക്കാൾ എത്ര ത്തോളം കുറയുമെന്നാണ് കരുതു ന്നത് ; വിശദമാക്കുമോ ; | (സി) ഡിലോയിറ്റ് എന്ന കൺസൾട്ടൻസി നൽകിയ റിപ്പോർട്ട് അനുസരിച്ച് തീരദേശ കപ്പൽ ഗതാഗതം വഴിയുള്ള ചരക്ക് നീക്കത്തിന് ടണ്ണിന് 400 മുതൽ 1400 രൂപ വരെ റോഡ് മാർഗം ചരക്ക് നീക്കം ചെയ്യുന്നതിനേക്കാൾ കുറയാൻ സാദ്ധ്യതയുണ്ട്. |
| (ഡി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയനു സരിച്ച് നൽകുന്ന ഇൻസെന്റീവ് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ബാധകമാകുമോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) തീരദേശ കപ്പൽ ഗതാഗത പദ്ധതിയനുസരിച്ച് നൽകുന്ന ഇൻസെന്റീവ് പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാകും. തീരദേശ കപ്പൽ ഗതാഗത പദ്ധതിയിലൂടെ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്ക് ഒരു ടണ്ണിന് ഒരു കിലോമീറ്ററിന് 1 രൂപ നിരക്കിലാണ് കേരള തീരത്തിലൂടെയുള്ള ചരക്ക് നീക്കത്തിന് ഇൻസെന്റീവ് അനുവദിച്ചിട്ടുള്ളത്. ആയതിന്റെ കാലാവധി 16-01-2014 ന് അവസാനിച്ചതിനാൽ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**